(സി) അന്വേഷണ ഉദ്യോഗസ്ഥൻമാരെ സഹായിക്കുന്നുവെന്നതിനാൽ ചില ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ചിലരെ ദേഹോപദ്രവം ഏല്പിക്കുകയും നിരപ്രധി കള്ളക്കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തതായി ഗവൺമെൻറിന് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) തടി മോഷണത്തെപ്പറ്റിയുള്ള വിജിലൻസ് അന്വേഷണം തുടർന്നു നടത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് വിഭാഗത്തിൻെറ പരിശോധനയിൽ അനധികൃതമായി മരം മുറിച്ച കുറ്റികൾ കാണുകയുണ്ടായി. അത്തരം കുറ്റികൾ തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(ഇ) തടി മോഷണത്തെക്കുറിച്ചുള്ള പരാതിയിൻമേലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ ചില പ്രാഥമിക നടപടികളും സ്വീകരിച്ചിട്ടുണ്ട്.

Contract for fencing and digging pits on the sides of the Highways for seedling

430 [618] **Dr. A. Subba Rao** : will the Minister of Forest be pleased to State :

(a) What is the total amount of contract for fencing and digging pits on the sides of the Highways for seedlings planted under Social Forestry ;

(b) How many have been given those contracts and whether they have finished their work ?

Answer

(a) The said works are done at Departmentally at scheduled rates. No contract has been entered into.

(b) This question does not arise.

431. [619] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി എസ്റ്റേറ്റിന് സമീപമുള്ള നടുവത്തുമൂഴി റെയിഞ്ച് ഫീസിന് മുമ്പിൽ രണ്ടുമൂന്ന് മാസക്കാലമായി ഏഴ് യൂണിയനുകളുടെ കീഴിലുള്ള ഫോറസ്റ്റ് തൊഴിലാളികൾ സത്യാഗ്രഹം നടത്തുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly